**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5472** **13-08-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ഓൺലൈൻ പഠനസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലക്കുന്ന് കോളനിയിലെ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന 17 വിദ്യാർത്ഥികൾക്ക് ഒരു ഓൺലൈൻ പഠന കേന്ദ്രം സജ്ജീകരിക്കുകയും കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഫെസിലിറ്റേറ്ററെ നിയമിക്കുകയും ചെയ്തു. സന്നദ്ധ സംഘടനയുടെ സഹായത്താൽ ടെലിവിഷൻ സജ്ജീകരിക്കുകയും കോട്ടൂർ ഗ്രാമപഞ്ചായത്തിൽ വകുപ്പിന്റെ സാമൂഹ്യ പഠന കേന്ദ്രം പ്രവർത്തിക്കുന്നുമുണ്ട്. സ്വന്തമായി ഡിവൈസ് ഇല്ലാത്ത കുട്ടികളുടെ വിവരങ്ങൾ സർവ്വേ പ്രകാരം കണ്ടെത്തുകയും, ടി കുട്ടികൾക്ക് ഡിവൈസ് ലഭ്യമാക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ മേലുള്ള നടപടി സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാണോ; ആവശ്യത്തിന് ഇന്റർനെറ്റ് ലഭിക്കാത്ത കോളനികളിൽ ആയത് ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | അമ്പലക്കുന്ന് കോളനിയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. ഇതു കൂടാതെ ഇന്റർനെറ്റ് ലഭിക്കാത്ത ഒറ്റപ്പെട്ട സ്ഥലങ്ങളുമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം നിലവിൽ 4 പട്ടികജാതി കോളനികളിൽ ലഭ്യമല്ല. ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ